DARUL HUDA ISLAMIC UNIVERSITY

MIN01/230918/OAA

Date: 18/09/2023

# അക്കാദമിക് കൗൺസിൽ യോഗ റിപ്പോർട്ട്

2023-24 അക്കാദമിക വർഷത്തിലെ ആദ്യ അക്കാദമിക് കൗൺസിൽ യോഗം 06-09-2023 ബുധാനാഴ്ച ഉച്ചക്ക് 2.00 മണിക്ക് ദാറുൽഹുദാ മീറ്റിംഗ് ഹാളിൽ ചേർന്നു. രജിസ്ട്രാർ ഡോ. റഫീഖ് ഹുദവി കരിമ്പനക്കൽ അജണ്ട വിശദീകരിച്ചു ആമുഖ ഭാഷണം നടത്തി. ദാറുൽഹുദാ ജോ. സെക്രട്ടറി ഡോ. യു.വി.കെ മുഹമ്മദ് അധ്യക്ഷത വഹിച്ചു.

പങ്കെടുത്തവർ:

1. ഡോ. യു.വി.കെ മുഹമ്മദ്
2. ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ
3. ഡോ. ജാബിർ കെ.ടി ഹുദവി
4. ഡോ. റഫീഖ് ഹുദവി കരിമ്പനക്കൽ
5. പി.കെ അബ്ദുന്നാസിർ ഹുദവി
6. ഡോ. സുഹൈൽ ഹിദായ ഹുദവി
7. ഡോ. ജഅ്ഫർ ഹുദവി കൊളത്തൂർ
8. അബ്ദുർറശീദ് ഹുദവി ഏലംകുളം
9. സി.ടി മുഹമ്മദ് റഈസ് ഹുദവി
10. ഡോ. പി.കെ മുഹമ്മദ് ശാഫി ഹുദവി
11. ശമീറലി ഹുദവി പള്ളത്ത്
12. എ.പി മുസ്ഥഫ ഹുദവി അരൂർ
13. ഇ.കെ സിറാജുദ്ദീൻ ഹുദവി
14. ഡോ. ഇസ്മാഈൽ ഹുദവി
15. നൗഫൽ ഹുദവി തിരുവള്ളൂർ
16. ഡോ. ബശീർ പനങ്ങാങ്ങര
17. ഡോ. ഫൈസൽ ഹുദവി മാരിയാട്
18. ഡോ. കെ.ടി മുഹമ്മദ് ഹാരിസ് ഹുദവി
19. എ.വി ഉനൈസ് ഹുദവി ചെമ്മാട്
20. അലിഹസൻ ഹുദവി കോട്ടക്കൽ
21. ഹാശിം ഹുദവി കൂരിയാട്
22. നജീബ് ഹുദവി കോട്ടക്കൽ

അജണ്ടകളിലുള്ള ചർച്ചക്ക് രജിസ്ട്രാർ നേതൃത്വം നൽകി.

## 1. മുൻയോഗ തീരുമാനം അംഗീകരിക്കൽ

2-10-2022നു ചേർന്ന കൗൺസിൽ യോഗത്തിന്റെ റിപ്പോർട്ട് രജിസ്ട്രാർ വിലയിരുത്തി. പൂർണ്ണമായി നടത്തപ്പെട്ടതും ഭാഗികമായോ, പൂർണ്ണമായോ നടപ്പിലാവാത്തവയും വേർത്തിരിച്ച് വിശകലനം ചെയ്തു. സമയ-സന്ദർഭമനുസരിച്ച് അവ നടപ്പാക്കി വരുന്നതായി അദ്ദേഹം വ്യക്തമാക്കി.

നിലവിൽ പി.ജി വിഭാഗത്തിന്റെ കാർമികത്വത്തിൽ ഇസ്ലാമിക് ഇൻസൈറ്റ് എന്ന ഒരു ജേണലായിരുന്നു പ്രസിദ്ധീകരിച്ചിരുന്നതെന്നും, ഈ വർഷം മുതൽ ഓരോ കുല്ലിയ്യയും വെവ്വേറെ ജേണലുകൾ പ്രസിദ്ധീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഡോ. സുഹൈൽ ഹുദവി അംഗങ്ങളുടെ ചോദ്യത്തിന് മറുപ

ടിയായി വിശദീകരിച്ചു. ജേണലിന് എഡിറ്റോറിയൽ ബോർഡും റിവ്യൂ ബോഡിയും ഉണ്ടോ എന്ന് ഡോ. യു.വി.കെ മുഹമ്മദ് അന്വേഷിച്ചു. ഉണ്ടെന്നും വിദ്യാർഥികളിൽനിന്നുള്ള എഡിറ്റോറിയൽ ബോഡി പരിശോധിച്ചവ സ്റ്റാഫ് അംഗങ്ങൾ റിവ്യൂ ചെയ്തിട്ടാണ് പ്രസിദ്ധീകരിക്കാറുള്ളതെന്നും ഡോ. സുഹൈൽ ഹുദവി അറിയിച്ചു. പിയർ റിവ്യൂ ഉറപ്പു വരുത്തണമെന്ന് ഡോ. ബശീർ പനങ്ങാങ്ങര നിർദേശിച്ചു.

ജേണലുകൾ യു.ജി.സി കെയർലിസ്റ്റിൽ ഉൾപെടാൻ ആവശ്യമായ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് ഡോ. കെ.ടി ഹാരിസ് ഹുദവി ആവശ്യപ്പെട്ടു. നിലവിൽ ഓരോ കുല്ലിയയിൽനിന്നും 40ലധികം തീസിസുകൾ പ്രസിദ്ധീകരിക്കപ്പെടുന്നുണ്ടെന്നും, അതിൽ മികച്ച 5-6 തീസിസുകൾ ജേർണലിൽ ഉൾപെടുത്താമെന്ന് ഡോ. സുഹൈൽ ഹുദവി അഭിപ്രായപ്പെട്ടു. സൈറ്റേഷൻ വർധിപ്പിക്കാനുള്ള മാർഗങ്ങൾ തേടണമെന്ന് ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ നിർദേശിച്ചു.

## 2. ബോർഡ് ഓഫ് സ്റ്റഡീസ് യോഗങ്ങളിലെ തീരുമാനങ്ങൾ അന്തിമമാക്കൽ

അഞ്ചു കുല്ലിയ്യകളുടെയും മേധാവികൾ തങ്ങളുടെ കീഴിലുള്ള ബോർഡുകളുടെ യോഗ തീരുമാനങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു.

പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

**2.1 കുല്ലിയ്യ ഓഫ് ഖുർആൻ ആന്റ് സുന്നഃ**

**2.1.1** തഫ്സീറുകളിലെ സൂറത്തുകളും സിലബസ് ഭാഗവും പുനഃക്രമീകരിക്കാൻ വർക്ഷോപ്പ് നടത്തുക.

**2.1.2** ഡിഗ്രി ക്ലാസുകളിൽ തഖസ്സുസ് പേപ്പറുകളിൽ ഇംഗ്ലീഷ്-അറബി ഭാഷകളിലുള്ളവ ഇടകലർത്തി പഠിപ്പിക്കുക.

**2.1.3** നിലവിൽ രണ്ടു സെമസ്റ്ററുകളുടെ ഭാഗമായി പഠിപ്പിക്കപ്പെടുന്ന شمائل الترمذي ഒരു സെമസ്റ്ററിലേക്കുള്ള പേപ്പറാക്കി മാറ്റുക.

**2.1.4** ഹദീസ് അധ്യാപന രീതിശാസ്ത്രം വിശദീകരിക്കാൻ അധ്യാപകർക്ക് വർക്ഷോപ്പ് സംഘടിപ്പിക്കുക.

**2.1.5** ഹദീസ് ഡിപ്പാർട്ട്മെന്റിൽ പി.ജിയിൽ പുതുതായി دراسات في شرح الحديث، أسلوب الخطاب النبوي എന്നീ തഖസ്സുസ് പേപ്പറുകൾ വെക്കുക.

**2.2 കുല്ലിയ്യ ഓഫ് ശരീഅ**

**2.2.1** ഹനഫീ ഫിഖ്ഹിന് സമിതി രൂപീകരിക്കുകയും പ്രത്യേകം യോഗം ചേരുകയും, ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളുകയും ചെയ്യുക.

**2.2.2** ഹനഫീ ഫിഖ്ഹിന് കഴിവുറ്റ അധ്യാപകരെ നിയമിക്കാൻ നിർദേശം നൽകുക.

**2.2.3** പി.ജിയിൽ: الرسالة (الإمام الشافعي)، التحقيق (الإمام النووي)، منهج الطلاب (الإمام زكريا الأنصاري)، الأحكام السلطانية (الإمام الماوردي) എന്നീ ടെക്സ്റ്റുകൾ തഖസ്സുസ് ആയി വെക്കുക. ജനറൽ പേപ്പറായി الأشباه والنظائر (الإمام السيوطي), മുഗ്നിയിലെ വസിയ്യത്ത്, ഫറാഇള് എന്നിവ പഠിപ്പിക്കുക.

**2.2.4** ഡിഗ്രി തലത്തിൽ ഫിഖ്ഹ്-ഉസ്വൂലുൽഫിഖ്ഹ് പഠിപ്പിക്കുന്ന എല്ലാ അധ്യാപകരെയും വിളിച്ചു അധ്യാപന രീതിശാസ്ത്രത്തിൽ വർക്ഷോപ്പ് നടത്തുക.

**2.2.5** ഫിഖ്ഹ്-ഉസ്വൂലുൽഫിഖ്ഹ് എന്നിവക്ക് പിര്യീഡ് വർധിപ്പിക്കുക. നിലവിലുള്ള 4:4 എന്നത് 5:5 എന്നോ, 6:5 എന്നോ ആക്കുക.

പിരീഡ് വർധിപ്പിക്കുന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഡീൻ ഡോ. ജഅ്ഫർ ഹുദവി വിശദീകരിച്ചു. നേരത്തേ പിജിയിൽ പഠിപ്പിച്ചിരുന്ന ഭാഗങ്ങൾകൂടി ഡിഗ്രിയിലേക്ക് ഇറക്കുകയും, നേരത്തേ ഉണ്ടായിരുന്ന പിരീഡുകളുടെ എണ്ണം കുറക്കുകയും ചെയ്തതിനാൽ സിലബസിൽ വേണ്ടത്ര മാറ്റങ്ങൾ വരുത്തിയിട്ടും അധ്യാപകർക്ക് കാര്യക്ഷമമായി സിലബസ് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. പുതിയ രീതിയിലുള്ള അധ്യാപന ശൈലി പരിചയപ്പെടുത്തുകയും മതിയാ

യ പരിശീലനം നൽകുകയുമാണ് ഇതിനുള്ള ശരിയായ വഴിയെന്നും പിര്യീഡ് വർധിപ്പിക്കുന്നത് കൊണ്ടു പഴയ രീതിയിലുള്ള അധ്യാപനത്തിലേക്ക് തിരിച്ചുപോവുകയാണുണ്ടാവുക എന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. ഏകദിന ശിൽപശാല മതിയാവില്ലെന്നും, തുടർച്ചയായ പരിശീലനം ലഭിച്ചാൽ മാത്രമേ ഈ രീതിയിൽ അധ്യാപകരെ പാകപ്പെടുത്താനാവൂ എന്നും ഡോ. യു.വി.കെ മുഹമ്മദ്, ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ എന്നിവർ നിർദേശിച്ചു.

മേൽസൂചിപ്പിച്ചതുപോലുള്ള പിര്യീഡ് മാറ്റങ്ങളും അധ്യാപന രീതീ മാറ്റങ്ങളും നിലവിൽവന്നതുകൊണ്ടു ഉദ്ദേശിക്കുന്നതുപോലുള്ള ഫലം ഡിഗ്രി സംവിധാനത്തിൽ ലഭിക്കുന്നുണ്ടോ എന്ന് ഡോ. കെ.ടി ജാബിർ ഹുദവി ആരാഞ്ഞു. വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം നിരവധി പ്രവർത്തനങ്ങളും വായനകളും നടത്താനുള്ള അവസരം ലഭിക്കുന്നുണ്ടെന്നും, അധ്യാപകർ വർഷാവർഷം വിഷയങ്ങൾ മാറുന്നതുകൊണ്ടുള്ള പ്രയാസങ്ങൾ മാത്രമാണ് നിലനിൽക്കുന്നതെന്നും അംഗങ്ങൾ അറിയിച്ചു.

**2.3 കുല്ലിയ്യ ഓഫ് ഉസ്വൂലുദ്ദീൻ**

**2.3.1** അഖീദ പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള കോഴ്സ് കഴിഞ്ഞ വർഷം നിർദേശിച്ചിരുന്നു. പ്രസ്തുത കോഴ്സിന്റെ ഔട്ട്ലൈൻ തയ്യാറാക്കിയിട്ടുണ്ട്. വീഡിയോ കണ്ടന്റ് ചെയ്യാനിരിക്കുന്നു.

**2.3.3** പിജിയിൽ പുതുതായി വരുന്ന 4 പേപ്പറുകളായി التعرف إلى أهل التصوف (الكلاباذي)، موقف العقل والعلم والعالم (مصطفى صبري)، نقض أوهام المادية الجدلية /الإنسان مسير أم مخير، مشكلة الشر ووجود الله – الرد على أبرز شبهات الملاحدة (سامي عامري) എന്നിവ ഉപയോഗിക്കുക.

**2.4 കുല്ലിയ്യ ഓഫ് സോഷ്യൽ സയൻസസ്**

**2.4.1** ഇന്ത്യൻ ഓഷ്യൻ സ്റ്റഡീസ് വിദ്യാർഥികൾക്ക് പ്രയാസമായതിനാൽ ലഘൂകരിക്കൽ ആവശ്യമാണെന്ന് വിലയിരുത്തി.

**2.4.2** ജിയോഗ്രഫി സംബന്ധമായ അവബോധം ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക.

**2.4.3** സിവിലൈസേഷണൽ സ്റ്റഡീസ് പി.ജി വിദ്യാർഥികളുടെ മേൽനോട്ടത്തിൽ യു.ജി ഡിപ്പാർട്ട്മെന്റിൽ ജേണൽ പ്രസിദ്ധീകരിക്കുക.

**2.4.4** സെക്കന്ററി ക്ലാസുകളിലെ ഖിസസുന്നബിയ്യീൻ ടെക്സ്റ്റുകൾ മാറ്റി പുതിയ ചരിത്ര പുസ്തകങ്ങൾ സംവിധാനിക്കുക.

വിശദമായ ചർച്ചകൾക്കു ശേഷം ഇക്കാര്യം സെക്കന്ററി-സീനിയർ സെക്കന്ററി എജ്യുക്കേഷൻ ബോർഡിന്റെ പരിഗണനക്ക് വിട്ടു.

**2.5 കുല്ലിയ്യ ഓഫ് ലാംഗ്വേജസ്**

**2.5.1** അറബിക് ലാംഗ്വേജ് ഡിപ്പാർട്ട്മെന്റിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ബി.എ അറബി അനുവദിക്കുക.

ദാറുൽഹുദാ വിദ്യാർഥികൾ എക്സ്റ്റേണൽ ഡിഗ്രി നിർബന്ധമാക്കുന്നതിലൂടെ പുതിയ ഒരു മേഖല അവർക്ക് പഠിക്കാനുള്ള അവസരം കൂടിയാണ് ലക്ഷ്യം വെക്കുന്നതെന്നും, അറബി എടുക്കുന്നതുകൊണ്ടു ആ ലക്ഷ്യം നടക്കില്ലെന്നും, ദാറുൽഹുദാ സർട്ടിഫിക്കറ്റും എക്സ്റ്റേണൽ ഡിഗ്രി സർട്ടിഫിക്കറ്റും അറബിയാവുന്നത് അവർക്ക് വലിയ ഉപകാരം ലഭിക്കില്ലെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു.

പി.ജി വിദ്യാർഥികൾ ദാറുൽഹുദാ കോഴ്സിനു പുറമേ, ഒരു വിദേശ ഭാഷ കൂടി ആഡ്ഓൺ കോഴ്സായി പഠിക്കുന്നത് നിർബന്ധമാക്കണമെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടു.

**2.5.2** എല്ലാ ക്ലാസിലും അറബിക് ലിസണിംഗ് ഭാഗങ്ങൾ സിലബസിന്റെ ഭാഗമാക്കുക.

**2.5.3** ട്രാൻസ്‌ലേഷൻ ഡിപ്പാർട്ട്മെന്റിന്റെ ഭാഗമായി പുസ്തക പരിഭാഷകൾ വർധിപ്പിക്കുക.

ബുക്പ്ലസിന് ഇത്തരം പദ്ധതി ഉണ്ടെന്നും വിദ്യാർഥികളെ ഈ പദ്ധതിയുമായി സഹകരിപ്പിച്ചാൽ സുഗമമായി നടപ്പാക്കാമെന്നും അംഗങ്ങൾ അറിയിച്ചു.

2.5.4 ഡിഗ്രി ഉർദു സിലബസിൽ ലിറ്ററേച്ചർ ഭാഗങ്ങൾ മാത്രമായതിനാൽ, ഉർദു ഭാഷയെക്കുറിച്ചുള്ള പഠനങ്ങൾ ആറു സെമസ്റ്ററിലുമായി പഠിപ്പിക്കുക.

ഉർദു ഭാഷാ ചരിത്രം പ്രതിപാദിക്കുന്ന ഉർദു അദബ് കീ തഅ്‌രീഫ് എന്ന പുസ്തകം ഉപയോഗിക്കാമെന്ന് ഡോ. ഫൈസൽ ഹുദവി നിർദേശിച്ചു.

2.5.5 ഇംഗ്ലീഷ് ഡിഗ്രി കരിക്കുലം പരിഷ്കരിക്കുക.

**2.6 സഹ്റാവിയ്യാ കോഴ്സ്**

സഹ്റാവിയ്യാ കോഴ്സിന്റെ ഡിഗ്രി പ്രോഗ്രാമിന് വേണ്ടി ആലോചിക്കുന്ന പേപ്പറുകൾ ചർച്ച ചെയ്തു. വനിതാ വിദ്യാഭ്യാസ കരിക്കുലം തയ്യാറാക്കാനായി നിശ്ചയിക്കപ്പെട്ട ഉപസമിതിയുടെ നിർദേശങ്ങൾ ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസുകളിൽ അവതരിപ്പിച്ച് അന്തിമമാക്കാൻ യോഗം തീരുമാനിച്ചു.

### 3. ഡിഗ്രി-പിജി പുനഃക്രമീകരണം

3.1 ഡിഗ്രി തലത്തിൽ ഡിപ്പാർട്ട്മെന്റ് ആരംഭിച്ചതിനു ശേഷമുള്ള വിദ്യാർഥികൾ അടുത്ത വർഷത്തോടെ പി.ജിയിലെത്തുന്നു. ഡിഗ്രിയിൽ 6 ഡിപ്പാർട്ട്മെന്റുകളും പി.ജിയിൽ 10 ഡിപ്പാർട്ട്മെന്റുകളുമായതിനാൽ ഇവരുടെ പിജി പ്രവേശം എങ്ങനെ ആയിരിക്കണമെന്നതു സംബന്ധിച്ചു ചർച്ച ചെയ്തു. കൂടുതൽ വിദ്യാർഥികളുള്ള ഡിപ്പാർട്ടുമെന്റുകളിൽ പിജിയിൽ ഡിവിഷനുകൾ വർധിപ്പിക്കുക, ഡിഗ്രി ചെയ്യാത്ത ഡിപ്പാർട്ടുമെന്റുകളിലേക്ക് അഡ്മിഷൻ നേടേണ്ടവർക്കായി പ്രവേശന പരീക്ഷ നടത്തുക, ഒരു കോമൺ ടെസ്റ്റ് നടത്തി, അതിലെ മാർക്കിനനുസരിച്ച് വിദ്യാർഥികൾ നൽകുന്ന ഓപ്ഷനുകൾ പരിഗണിക്കുക തുടങ്ങിയ നിർദേശങ്ങൾ അംഗങ്ങൽ പങ്കുവെച്ചു.

ഇവ്വിഷയത്തിൽ വിദ്യാർഥികളിൽനിന്ന് സർവേ നടത്തി, വിശദമായി പഠിക്കാനായി ഒരു സമിതിയെ നിശ്ചയിക്കാൻ തീരുമാനിച്ചു. ഡോ. കെ.ടി ജാബിർ ഹുദവി ചെയർമാനായും രജിസ്ട്രാർ കൺവീനറായും കുല്ലിയ്യ ഡീനുമാർ, സഹസ്ഥാപന പ്രതിനിധിയായി ഡോ. ഇസ്മാഈൽ ഹുദവി എന്നിവർ അംഗങ്ങളായുമുള്ള സമിതിയെ ഇക്കാര്യത്തിനായി ചുമതലപ്പെടുത്തി.

3.2 പുതിയ വിദ്യാഭ്യാസ നയത്തിന്റെ പിന്തുടർച്ചയായി യു.ജി.സി പ്രഖ്യാപിച്ച പുതിയ ഡിഗ്രി-പിജി പാറ്റേൺ (4+1, 3+2) ദാറുൽഹുദായിൽ എങ്ങനെ നടപ്പാക്കാമെന്നതു ചർച്ച ചെയ്തു. ചില സംസ്ഥാനങ്ങളും സംഘടനകളും എതിർക്കുന്നുണ്ടെങ്കിലും താമസിയാതെ എല്ലാ യൂണിവേഴ്സിറ്റിയും ഇതേ പാറ്റേണിലേക്ക് എത്തിച്ചേരുമെന്നും ദാറുൽഹുദാക്കും യു.ജി.സി പാറ്റേൺ പിന്തുടരലാണ് നല്ലത് എന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. നടപ്പിലാക്കുമ്പോഴുള്ള മാറ്റങ്ങൾ വിലയിരുത്താനും പഠിക്കാനും ഒരു സമിതിയെ നിശ്ചയിക്കാമെന്നും കൂടുതൽ ചർച്ചകൾ നടത്തി അന്തിമ തീരുമാനം കാണാമെന്നും ധാരണായായി.

### 4. പ്രൊമോഷൻ ക്രൈറ്റീരിയ പരിഷ്കരണം

4.1 ഹുദവി-സഹ്റാവിയ്യ കോഴ്സുകളിലെ വിദ്യാർഥികളുടെ ക്ലാസ് പ്രൊമോഷൻ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതായി പരീക്ഷാ കൺട്രോളർ പി.കെ അബ്ദുന്നാസിർ ഹുദവി അറിയിച്ചു. നേരത്തേ ഡിഗ്രി ക്ലാസുകളിൽ രണ്ടു സെമസ്റ്ററിലും കൂടി 80 മാർക്ക് ലഭിച്ചാൽ പാസാവുന്ന രീതിയിലാണ് മാനദണ്ഡം നിർണ്ണയിച്ചിരുന്നത്. അത് ഒഴിവാക്കി വാർഷിക പരീക്ഷയിൽ തന്നെ 40 മാർക്ക് ലഭിക്കുകയും അതോടൊപ്പം രണ്ടു സെമസ്റ്റർ പരീക്ഷകളിലുമായി 80 മാർക്കും ലഭിക്കുകയും ചെയ്താലേ ക്ലാസ് പ്രൊമോഷൻ ലഭിക്കൂ എന്ന് അദ്ദേഹം വ്യക്തമാക്കി.

പ്രത്യേക കാരണങ്ങളാൽ സപ്ലിമെന്ററി പരീക്ഷ എഴുതാൻ കഴിയാത്ത വിദ്യാർഥികൾക്ക് സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷ എന്ന സംവിധാനം ആവിഷ്കരിച്ചിട്ടുണ്ട്. മാർക്ക് തികയാത്തതു കാരണം പ്രൊമോഷന് അർഹതയില്ലാത്തവർക്കായി ഇംപ്രൂവ്മെന്റ് പരീക്ഷയും, ചെറിയ മാർക്കുകൾക്ക് പരാജയപ്പെടുന്നവർക്ക് മൂന്ന് വിഷയങ്ങളിലായി കൂടിയാൽ 5 മാർക്ക് വരെ നൽകുന്ന (നിബന്ധനകൾക്ക് വിധേയമായി) മാർക്ക് അഡ്ജസ്റ്റ്മെന്റ് സംവിധാനവും പുതുതായി നടപ്പിലാക്കിയിട്ടുണ്ടെന്നും കൺട്രോളർ അറിയിച്ചു.

4.2 വൈവ പരാജയപ്പെട്ടതു മൂലം വർഷം നഷ്ടപ്പെട്ട വിദ്യാർഥി അടുത്ത വർഷം ആദ്യ വൈവയിൽ വിജയിച്ചാൽ പഠനം നിർത്തി അടുത്ത റമദാനിൽ പി.ജിയിൽ അഡ്മിഷൻ നേടാൻ സാധിക്കുമോയെന്ന് ചില സ്ഥാപനങ്ങളിൽനിന്ന് അപേക്ഷ ലഭിച്ചതായി കൺട്രോളർ അറിയിച്ചു. ഇത്തരം വിദ്യാർഥികളെ വൈവ വിജയിച്ചതിന് ശേഷമുള്ള കാലയളവ് ഇവരുടെ യു.ജി സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ പുനരധിവസിപ്പിക്കാമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

പി.ജി കൗൺസിലിന്റെ തീരുമാനപ്രകാരം ഇവ്വിഷയത്തിൽ തീരുമാനം കാണാമെന്ന് ധാരണയായി.

## 5. സിപെറ്റ് അപേക്ഷകൾക്ക് അംഗീകാരം നൽകൽ

സിപെറ്റ് ഓഫീസിൽനിന്ന് അക്കാദമിക് കൗൺസിൽ യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികൾ അക്കാദമിക് കോഡിനേറ്റർ ഉനൈസ് ഹുദവി അവതരിപ്പിച്ചു.

**5.1 സി.സി.ഐ.സി.പി കോഴ്സിന്റെ രണ്ടാം ഘട്ടം**

മഹല്ലുകൾ കേന്ദ്രമായി വനിതകൾക്കായി നടത്തപ്പെടുന്ന സി.സി.ഐ.സി.പി കോഴ്സിന്റെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിക്കുന്നു. നിലവിൽ അഞ്ചു വിഷയങ്ങളാണ് കോഴ്സിന്റെ ഭാഗമായി പഠിക്കാനുണ്ടായിരുത്. ഇനി മുതൽ നാല് വിഷയങ്ങൾ വീതമുള്ള രണ്ടു ഘട്ടമായി കോഴ്സ് പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ഓരോ ഘട്ടത്തിലും 20 വീതം ക്ലാസുകളാണ് ഉണ്ടാവുക.

ഒന്നാം ഘട്ടത്തിൽ ഫിഖ്ഹ്, അഖീദ, കുടുംബ ശാസ്ത്രം, തസവ്വുഫ് എന്നീ വിഷയങ്ങളും രണ്ടാം ഘട്ടത്തിൽ തഫ്സീർ, ഹദീസ്, തജ്‌വീദ്, താരീഖ് എന്നീ വിഷയങ്ങളുമായിരിക്കും.

കോഴ്സ് മേൽപറഞ്ഞ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ യോഗം അംഗീകാരം നൽകി.

**5.2 മഹ്ദിയ്യ കരിക്കുലം കമ്മിറ്റി രൂപീകരിക്കുക.**

മഹ്ദിയ്യ പ്രോഗ്രാമിന്റെ കരിക്കുലം ചർച്ച ചെയ്യാനും പരിഷ്കരിക്കാനുമായി, മഹ്ദിയ്യ കരിക്കുലം കമ്മിറ്റി രൂപീകരിക്കണമെന്ന് സിപെറ്റ് ഓഫീസ് ആവശ്യപ്പെട്ടു. മഹ്ദിയ്യ പ്രോഗ്രാമിൽ പഠിപ്പിക്കപ്പെടുന്ന 6 സബ്ജക്ട് ഏരിയകളിൽനിന്നും 3 വീതം പ്രതിനിധികൾ ഉൾപെടുന്നതാവണം കമ്മറ്റി.

കരിക്കുലം കമ്മിറ്റിക്ക് വേണ്ട ഘടന തീരുമാനിക്കാനും മഹ്ദിയ്യ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അധ്യാപകരെ ഉൾപെടുത്തി കമ്മിറ്റി രൂപീകരിക്കാനും സിപെറ്റ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

**5.3 സിപ്പെറ്റ് ബോർഡ് ഓഫ് അക്കാഡമിക്സ്**

5.3.1 സിപ്പെറ്റിന്റെ കോഴ്സുകൾക്ക് അന്തിമ രൂപം കാണുതിനും അംഗീകാരം നൽകുതിനുമായി ബോർഡ് ഓഫ് അക്കാഡമിക്സ് രൂപീകരിക്കുക. ബോർഡിൽ മഹ്ദിയ്യ സ്ഥാപനങ്ങളിൽനിന്ന് 5 പേർ, ദാറുൽഹുദാ സ്ഥാപനങ്ങളിൽ അധ്യാപകരായ 5 പേർ, ദാറുൽഹുദാ കുല്ലിയ്യ ഡീനുമാരിൽനിന്ന് 3 പേർ, അക്കാദമിക രംഗത്തെ 4 പേർ എന്നിങ്ങനെ ഉൾപെടുത്തണം.

ബോർഡ് രൂപീകരിക്കാനും അതിന്റെ ഘടന, ഉത്തരവാദിത്വങ്ങൾ എന്നിവ തീരുമാനിക്കാനും സിപെറ്റ് അധികൃതരെ യോഗം ചുമതലപ്പെടുത്തി.

എല്ലാ കോഴ്സുകൾക്കുമായി ഒരു ബോർഡ് എന്നതിലുപരി, ഓരോ കോഴ്സിനും പ്രോഗ്രാം കമ്മിറ്റി രൂപീകരിക്കണമെന്ന് ഡോ. ബശീർ പനങ്ങാങ്ങര നിർദേശിച്ചു. അതതു കോഴ്സുകളുടെ വിശദവിവരങ്ങൾ ഈ കമ്മിറ്റിയാണ് ചർച്ച ചെയ്യേണ്ടതെന്ന് അദ്ദേഹം വ്യക്തമാക്കി. സമിതിക്ക് സിപെറ്റ് ബോർഡ് ഓഫ് മാനേജ്മെന്റ് എന്നാണ് ഉചിതമായ പേരെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

5.3.2 ഹാദിയ നടത്തുന്നതും സിപെറ്റ് നടത്തുന്നതുമായ കോഴ്സുകൾ തമ്മിൽ പൊതുജനങ്ങൾക്ക് കൺഫ്യൂഷൻ സൃഷ്ടിക്കുന്നുണ്ടോയെന്ന് ഡോ. കെ.ടി ജാബിർ ഹുദവി ആരാഞ്ഞു. രണ്ടു സംവിധാനങ്ങളും ഒരേ കേന്ദ്രത്തിൽനിന്ന് വരുന്നതിനാൽ എല്ലാം ഒരു ഏജൻസിക്ക് കീഴിലേക്ക് മാറ്റുന്നത് നല്ലതായിരിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. എന്നാൽ ഇത്തരമൊരു കൺഫ്യൂഷൻ ഇതുവരെ അനുഭവപ്പെട്ടിട്ടില്ലെന്ന് ഹാദിയ ജനറൽ സെക്രട്ടറി കൂടിയായ ഡോ. കെ.ടി ഹാരിസ് ഹുദവിയും സിപെറ്റ് കോഡിനേറ്റർ ഹാശിം ഹുദവിയും സൂചിപ്പിച്ചു. അന്വേഷണം ഉണ്ടാവാറുണ്ടെന്നും, രണ്ടു ഏജൻസികളുടെയും പ്രോഗ്രാമുകൾ കൃത്യമായി ബോധ്യപ്പെടുത്താറുണ്ടെന്നും ഇവർ വ്യക്തമാക്കി.

രണ്ടു വിഭാഗവും തങ്ങളുടേതായ പരിപാടികളുമായി മുന്നോട്ടുപോകുന്നതാണ് നല്ലതെന്ന് യോഗം വിലയിരുത്തി.

**5.4 ആഡ്ഓൺ കോഴ്സുകൾ**

ദാറുൽഹുദാ പി.ജി ഡിപ്പാർട്ടുമെന്റുകൾക്ക് കീഴിൽ, വിവിധ വിഷയങ്ങളിൽ ഷോർട് ടേം കോഴ്സുകൾ സജ്ജീകരിക്കുകയും അത് പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക.

എല്ലാ ഡിപ്പാർട്ട്മെന്റുകളും ഓരോ കോഴ്സ് വീതം ഡിസൈൻ ചെയ്യുകയും നടപ്പാക്കുകയും ചെയ്യണമെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടു. ഇവ സ്ഥാപനത്തിന് വലിയ മുതൽകൂട്ടാകുമെന്ന് യോഗം വിലയിരുത്തി.

ഈ കോഴ്സുകൾ ഏതു രീതിയിലാണ് പൊതുജനത്തിന് ലഭ്യമാവുക എന്ന് അംഗങ്ങൾ ആരാഞ്ഞു. എല്ലാ പബ്ലിക് പ്രോഗ്രാമുകളും സിപെറ്റ് വഴിയാണ് പ്രസിദ്ധീകരിക്കുക എന്ന് ബന്ധപ്പെട്ടവർ പ്രതികരിച്ചു.

**6. പൊതു ചർച്ചകൾ**

**6.1** ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിലെ തീരുമാനങ്ങൾ നേരത്തേ അറിയിക്കണമെന്ന് ഡോ. ഫൈസൽ ഹുദവി മാരിയാട് ആവശ്യപ്പെട്ടു. തീരുമാനങ്ങൾ എഴുതി രേഖപ്പെടുത്തി വെക്കാറുണ്ടെന്നും, വരും വർഷങ്ങളിൽ ഇക്കാര്യം ശ്രദ്ധിക്കാമെന്നും ബന്ധപ്പെട്ടവർ വിശദീകരിച്ചു.

**6.2** ദാറുൽഹുദാ ആസാം കാമ്പസ് സന്ദർശിച്ചപ്പോൾ കേരളത്തിൽനിന്നു തയ്യാറാക്കുന്നതിനാൽ അവിടുത്തെ പ്രാദേശികമായ അന്തരീക്ഷം സിലബസിന് ഉൾകൊള്ളാനാവുന്നില്ലെന്ന് ആവലാതിപ്പെട്ടതായി ഡോ. ഹാരിസ് ഹുദവി പറഞ്ഞു.

സെക്കന്ററി നാലാം തരം വരെ നിക്സ് സ്ഥാപനങ്ങൾക്ക് തങ്ങളുടേതായ സിലബസ് തയ്യാറാക്കാനും നടപ്പാക്കാനുമുള്ള അധികാരമുണ്ടെന്നും, സെക്കന്ററി അഞ്ചാം തരത്തിലെ പൊതുപരീക്ഷ എത്തുമ്പോൾ മാത്രമേ ദാറുൽഹുദാ മാനദണ്ഡങ്ങളിലേക്ക് അവർ കയറുന്നുള്ളൂ എന്നും അക്കാദമിക് കോഡിനേറ്റർ അലിഹസൻ ഹുദവി വിശദീകരിച്ചു.

4.15ന് യോഗം സമാപിച്ചു.

**Prepared by:**
Dr. Rafeeq Hudawi Karimpanackal
Registrar (Academic Affairs)

DARUL HUDA ISLAMIC UNIVERSITY
KERALA, INDIA
676 306
CHEMMAD, MALAPPURAM